ദേശീയ വനനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന വനവൽക്കരണ പദ്ധതികൾ

21 (*621) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വനനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന വനവൽക്കരണ പരിപാടികളുടെ വിശദാംശം നൽകുമോ ;

(ബി) സംസ്ഥാനത്തെ എത്ര വനം-ഡിവിഷനുകളിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) ശുഷ്ക്ക വനങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പരിപാടികളിലൂടെ വനമേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങളിൽ ആദിവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) ദേശീയ വനനയം അനുസരിച്ച് പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുന്നതിന് 100% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതിയായ ദേശീയ വനവൽക്കരണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണസമിതികൾ, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ഡിവിഷൻതല കൂട്ടായ്മയായ വനവികസന ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം 2007-08 മുതൽ എന്റെ മരം, വഴിയോരത്തണൽ, ഹരിത തീരം എന്നീ പദ്ധതികളും 2008-09 മുതൽ നമ്മുടെ മരം പദ്ധതിയും 2009-10 മുതൽ ഹരിത കേരളം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള 27 വന വികസന ഏജൻസികൾ വഴി ദേശീയ വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ ജില്ലാ അടിസ്ഥാനത്തിലുള്ള 14 ഡിവിഷനുകളിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശുഷ്ക്ക വനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പത്താം പഞ്ചവൽസര പദ്ധതി മുതൽ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംയോജിത

LIBRARY ARCHIVES Kerala Legislative Assembly

വനവികസനവും ഗ്രാമീണ തൊഴിലവസരസൃഷ്ടിയും സംബന്ധിച്ച പ്രവർത്തനങ്ങൾ ഒറ്റ പരിപാടിയായി കൂട്ടിയിണക്കുക എന്നീ ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഇതുവരെ 4029.76 ലക്ഷം രൂപ ചിലവിൽ 28622.21 ഹെക്ടർ പ്രദേശത്ത് പ്രക്ഷീണ വനങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പങ്കാളിത്ത വനപരിപാലനംവഴി നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പരിപാടിയിൻകീഴിൽ സംസ്ഥാനത്ത് വനമേഖലയിൽ ഇതുവരെ 27 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിലുള്ള 407 വനസംരക്ഷണ സമിതികളിൽ 68 വനസംരക്ഷണ സമിതികൾ ആദിവാസികൾക്കായി മാത്രമുള്ളവയാണ്. വന്യജീവി സങ്കേതങ്ങളിൽ പ്രവർത്തിക്കുന്ന 198 ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളിൽ ഭൂരിഭാഗവും ആദിവാസി കുടുംബങ്ങളാണ്. പങ്കാളിത്ത വനപരിപാലനത്തിലൂടെ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളിൽ ഗൈഡുകളായി നിയോഗിച്ചിട്ടുള്ളവയിൽ ഭൂരിഭാഗവും ആദിവാസികളാണ്.

സപ്ലൈകോയുടെ പുതിയ പദ്ധതികൾ

22 (*622) ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോയുടെ വിപണി വിഹിതം ഇപ്പോൾ എത്ര ശതമാനമാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ബി കഴിഞ്ഞ വർഷത്തേക്കാൾ സപ്ലൈകോയുടെ വിപണി വിഹിതത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഈ രംഗത്തുണ്ടായ വർദ്ധനവ് എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ രൂക്ഷമായ വിലക്കയറ്റം തടയാൻ സപ്ലൈകോയുടെ കമ്പോള ഇടപെടലിന് കഴിയാത്ത സാഹചര്യത്തിൽ മറ്റെന്തൊക്കെ പുതിയ പദ്ധതികൾ സപ്ലൈകോവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് അപ്നാ ബസാർ എന്ന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത് ;

(എഫ്) ഇത്തരം വിൽപ്പനശാലകൾ ഇനിയും എവിടെയൊക്കെ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly